**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2920** **14-09-2023 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർഫെഡ് ജീവനക്കാരുടെ പേരിലുള്ള വിജിലൻസ് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിജിലൻസ് കേസുകളുടെ എണ്ണം ലഭ്യമാക്കുമോ; | (എ) | കൺസ്യൂമർഫെഡുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ ആകെ 36 വിജിലൻസ് കേസുകൾ നിലനിൽക്കുന്നുണ്ട്. |
| (ബി) | നിലവിൽ എത്ര പേരെ പ്രസ്തുത കേസുകളിൽ പ്രതിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | നിലവിൽ 119 പേരെ പ്രതികളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര പേർ പ്രസ്തുത കേസുകളിൽ നടപടിയ്ക്ക് വിധേയരായിട്ടുണ്ട്; | (സി) | കേസുകൾ പൂർത്തിയാക്കി അന്തിമവിധികൾ വിജിലൻസിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആർക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | നിലവിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ട എത്രപേർ സ്ഥാപനം വിട്ടു പോയിട്ടുണ്ട്; | (ഡി) | 9 പേർ സ്ഥാപനം വിട്ടുപോയിട്ടുണ്ട്. |
| (ഇ) | ഇത്തരം വിജിലൻസ് കേസുകളുമായി ബന്ധപ്പെട്ട് എത്ര രൂപയാണ് കൺസ്യൂമർഫെഡിന് നഷ്ടമായത്? | (ഇ) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് മാത്രമേ ലഭ്യമായിട്ടുള്ളൂ. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തിക നഷ്ടം കണക്കാക്കുവാൻ സാധിക്കുകയുള്ളൂ . |

സെക്ഷൻ ഓഫീസർ